## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2474

18.6.2014 ലെ മറുപടിയ്ക്ക്

## നാട്ടിക മണ്ഡലത്തിലെ മുനയം ബണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.ഗീതാഗോപി.എം. എൽ.എ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നാട്ടിക മണ്ഡലത്തിലെ മുനയം ബണ്ടിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനു വേണ്ടി നിർമ്മിക്കുന്ന താല്കാലിക ബണ്ടിനു പകരമായി നിർമ്മിക്കുന്ന സ്ഥിരം ബണ്ടിന് അപ്രോച്ച് റോഡ് വേണമെന്ന വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ സ്ഥിരം ബണ്ടിന്റെ സർവ്വേ നടത്തിഎസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ അപ്രോച്ച് റോഡ് നിർമ്മാണത്തിനും അതിനാവശ്യമായ ഭൂമിക്കും കൂടി വേണ്ടിയുള്ള തുക വകയിരുത്തേണ്ടതായിരുന്നില്ലേ; | എ) & ബി) | സ്ഥിരം ബണ്ട് നിർമ്മാണത്തിന് അപ്രോച്ച് റോഡ് വേണമെന്ന് വ്യവസ്ഥയില്ല. എന്നിരുന്നാലും പൊതുജനങ്ങളുടെ ആവശ്യത്തിനായി അപ്രോച്ച് റോഡിനും, അതിനാവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതിനുമുള്ള തുക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ വകയിരുത്തിയിരുന്നു. പ്രാഥമിക സർവ്വേ പ്രകാരം അപ്രോച്ച് റോഡിനായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്ന തിനായി എസ്റ്റിമേറ്റ് തയ്യാറാക്കു മ്പോൾ തന്നെ ഭൂമിയുടെ വില ഉൾപ്പെടുത്തിയിരുന്നു . ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല. |
| ബി) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ അപ്രോച്ച് റോഡിനു സ്ഥലം കണ്ടെത്തുകയും ഭൂമിയുടെ വില എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; | | |
| സി) ഭൂവിലയും അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി തുകയും വകകൊള്ളിച്ച്, എത്രയും വേഗം സ്ഥിരം ബണ്ട് നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുമോ? | സി) | എസ്റ്റിമേറ്റ് CPWD (Central Public Work Department) നിരക്കിൽ പുതുക്കി തയ്യാറാക്കികൊണ്ടിരിക്കുന്നു. അപ്രോച്ച് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുരോഗമി ക്കുന്നു. ടി നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| ഡി) കാലതാമസം നേരിടുന്നുവെങ്കിൽ അനുവദിച്ച എസ്റ്റിമേറ്റ് തുകയ്ക്കുള്ള സ്ഥിരം ബണ്ട് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | കാലതാമസം നേരിടാതെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ